ജില്ലയിലെ തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിലെ വള്ളംകളം എന്ന സ്ഥലത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് വക സെന്റ് ജോർജ് കുരിശടിയുടെ ഗ്ലാസിന് ഏതോ സാമൂഹ്യവിരുദ്ധർ കല്ലെറിഞ്ഞ് കേടുപാടുണ്ടാക്കിയത്. ഇതിലേയ്ക്ക് പള്ളി ട്രസ്റ്റി പി.സി. മത്തായിയുടെ മൊഴിപ്രകാരം IPC 447, 427 വകുപ്പുപ്രകാരം 2462/14 ആയി തിരുവല്ല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം തിരുവല്ല പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടറും അഡീഷണൽ എസ്.ഐ. യുമുൾപ്പെടെയുള്ള ഒരു പ്രത്യേക ടീം നടത്തിവരികയാണ്. പതിനയ്യായിരം രൂപയുടെ നാശനഷ്ടം വന്നതായിട്ടാണ് പരാതിപ്പെട്ടിട്ടുള്ളത്. പള്ളിയുടെ സമീപത്ത് സ്ഥാപിച്ച നിരീക്ഷണ ക്യാമറയുടെ സഹായത്തോടുകൂടിയും ഫിംഗർപ്രിന്റ് വിദഗ്ധർ, സയന്റിഫിക് വിദഗ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ്സ്ക്വാഡ് എന്നീ സാങ്കേതിക വിഭാഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടും തെളിവെടുപ്പ് നടത്തി പ്രതികളെക്കണ്ടെത്താൻ ശ്രമിച്ചുവരികയാണ്. ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. ഇതോടൊപ്പംതന്നെ ഞാലിയക്കണ്ടത്ത് എ.റ്റി.എം. കൗണ്ടറിനുനേരെ കല്ലെറിഞ്ഞ് ഗ്ലാസുകൾ പൊട്ടിച്ച സംഭവം പോലീസിന്റെ ശ്രദ്ധയിലുള്ളതാണ്. കുന്നംകാവത്തുള്ള ഒരു കേരള ഗ്രാമീണ ബാങ്കിന്റെ എ.റ്റി.എം. ശാഖയിലും ഇതുപോലെതന്നെ സാമൂഹ്യവിരുദ്ധർ കല്ലെറിഞ്ഞ് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാരായ ശ്രീ. മാത്യു റ്റി. തോമസും ശ്രീ. കെ. ശിവദാസൻ നായരും ഉന്നയിച്ച കാര്യം തീർച്ചയായിട്ടും ഗൗരവമായിത്തന്നെ പോലീസ് ശ്രദ്ധിക്കുന്നുണ്ട്. ജില്ലാപോലീസ് സൂപ്രണ്ട് ഡോ. ശ്രീനിവാസനോട് സംഭവസ്ഥലം സന്ദർശിച്ച് അതിനുവേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പട്രോളിംഗ് രാത്രികാലങ്ങളിൽ ശക്തമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

(9) കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ കയർ സഹകരണ സംഘങ്ങളെല്ലാം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഏതാണ്ട് നിശ്ചലമായിരിക്കുന്നുവെന്ന് പറയാം. ഇത് കാർത്തികപ്പള്ളി, വൈക്കം, ചേർത്തല തുടങ്ങിയ മേഖലകളിൽ വലിയ സാമൂഹ്യ അസ്വസ്ഥതയ്ക്ക് വഴിതെളിക്കുന്നുണ്ട്. അടിയന്തരമായി ഈ സംഘങ്ങളെ സഹായിക്കുന്നതിനുള്ള ഏർപ്പാടുണ്ടാകണം. ഇതുസംബന്ധിച്ച് ഒരു കോൺഫറൻസ് വിളിക്കാമെന്ന് അങ്ങ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യങ്ങൾ ഞാൻ പറയുന്നില്ല. എന്നാൽ ഇപ്പോൾ ഏറ്റവും അടിയന്തരമായി വേണ്ടത്, ബാങ്കുകളിൽനിന്ന് സംഘങ്ങളിലേയ്ക്ക് ജപ്തിനോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

വന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഒരു സംഘത്തിലെ സെക്രട്ടറി ആത്മഹത്യ ചെയ്യുകവരെയുണ്ടായിട്ടുണ്ട്. അടിയന്തരമായി ജപ്തി അവസാനിപ്പിക്കാൻ നടപടിയെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മിനിസ്റ്റർ ബാങ്കുകാരുടെ ഒരു യോഗം വിളിച്ചിട്ട് ഇതിന്റെ റീപേമെന്റിനെക്കുറിച്ച് സർക്കാർ തലത്തിൽ ഒരു പാക്കേജ് ഉണ്ടാക്കണം. നമുക്ക് കൂട്ടായി ചർച്ച ചെയ്യാം, അതുവരെ ജപ്തിയുമായി മുന്നോട്ടുപോകരുത് എന്നുപറഞ്ഞ് അതിന് തീർപ്പുണ്ടാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുവാനും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കയർ വ്യവസായം ആരംഭിക്കുവാനും അത് നിലനിർത്തിക്കൊണ്ടുപോകുവാനും വേണ്ടി വായ്പയെടുത്ത സംരംഭകർ കയർ സഹകരണ സംഘങ്ങളുൾപ്പെടെ പലരും വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി ഭീഷണി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും കാഷ് ക്രെഡിറ്റ് വായ്പയെടുത്ത കയർ സഹകരണ സംഘങ്ങളും ഇത്തരത്തിൽ ജപ്തിഭീഷണി നേരിടുന്നുണ്ട്. സർക്കാർ പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് നൽകിയെങ്കിലും കയർ സഹകരണ സംഘങ്ങളുടെ വായ്പാകുടിശ്ശിക ഒരു പ്രശ്നമാണ്. ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള വായ്പ സെറ്റിൽ ചെയ്യാൻ സർക്കാരിൽനിന്നും ഒരു വിഹിതം ധനസഹായമായി അനുവദിക്കുന്നതിന് കയർ കടാശ്വാസ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സഹകരണ വായ്പാ സ്ഥാപനങ്ങൾ, ഗവണ്മെന്റ് വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് കയർ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുവാൻ വായ്പ വാങ്ങിയ ചെറുകിട കയർ ഉൽപ്പാദകർ, കയർ വ്യവസായത്തിനായി രൂപീകരിച്ച സ്വാശ്രയ ചെറുകിട ഉൽപ്പാദക സംഘങ്ങൾ, കയർ മേഖലയിലെ ക്ലസ്റ്ററുകൾ, സഹകരണ സംഘങ്ങൾ എന്നീ മേഖലകളെ ഉൾപ്പെടുത്തിയും നേരത്തെ നൽകിയിരുന്ന കടാശ്വാസ തുകയുടെ പരിധി വർദ്ധിപ്പിച്ചും കടാശ്വാസ പദ്ധതി നടപ്പാക്കാനുള്ള സമഗ്രമായ ഒരു പ്രൊപ്പോസലാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ബഹുമാനപ്പെട്ട അംഗം ഡോ. ടി. എം. തോമസ് ഐസക് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിനെക്കുറിച്ച് ആവശ്യപ്പെട്ടിരുന്നു. തീർച്ചയായിട്ടും ഈ സഭാസമ്മേളനം കഴിഞ്ഞതിനുശേഷം ഏറ്റവും അടുത്ത ദിവസം എല്ലാവരുടെയും സൗകര്യങ്ങൾ നോക്കി യോഗം വിളിച്ചുചേർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് മറ്റൊരു നിർദ്ദേശം പ്രധാനമായും വച്ചത്, ഈ ബാങ്കുകളുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രത്യേക നിർദ്ദേശം നൽകണമെന്നതാണ്. ഈ മേഖലയിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ് കയർ മേഖലയിലെ തൊഴിലാളികൾക്ക് നേരിടേണ്ടി വരുന്നത് എന്നുള്ളതുകൊണ്ട് തീർച്ചയായും ബാങ്കുകാരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(10) സ്കൂൾ അദ്ധ്യാപകനായ കെ. കെ. അനീഷിന്റെ മരണം

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ഈ സബ്മിഷന് ആധാരം. എന്റെ മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിലെ അനീഷ് കുമാർ കെ. കെ, 36 വയസ്സ്, മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കൻഡറി സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുമ്പോൾ ആത്മഹത്യ ചെയ്യാനിടയായി. 2013- ലെ അദ്ധ്യാപക സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ മാനേജ്മെന്റിന് ഈ അദ്ധ്യാപകനോട് വിരോധമുണ്ടായിരുന്നു. അതിന്റെ ഭാഗമായി ഐ.റ്റി. പ്രാക്ടിൽ ഷൂസ് ധരിച്ചുവെന്ന കാരണത്തിന് അനീഷിനെ മാനേജർ സസ്പെൻഡ് ചെയ്യുന്ന നിലപാടുണ്ടായി. സ്കൂളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനെ അനീഷ് മർദ്ദിച്ചുവെന്ന് പറഞ്ഞ് ഇതിനുസഹായകരമായ ഒരു കേസും നിലവിൽ വന്നു. സ്കൂളിന്റെ പരിസരത്ത് സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രിയുമുണ്ടെങ്കിൽ പ്പോലും കോഴിക്കോട് ഫറൂഖിലുള്ള കോയാസ് ഹോസ്പിറ്റലിൽ ഇയാളെ ചികിത്സിച്ചു. അയാൾക്ക് സഹായകരമായ രേഖയും അവിടെനിന്നുണ്ടാക്കി. ഈ ആശുപത്രിക്ക് ഇങ്ങനെ ചികിത്സിക്കാനുള്ള ലൈസൻസോ രജിസ്ട്രേഷനോ ഉണ്ടായിരുന്നില്ലായെന്ന് പിന്നീട് അനീഷ് വിവരാവകാശ നിയമപ്രകാരം ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിനെത്തുടർന്ന് മനസ്സിലായി. ഇതുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ അനീഷിനെ പിന്നീട് ഡിസ്മിസ് ചെയ്യുന്ന അവസ്ഥയിലാണ് എത്തിച്ചേർന്നത്. സ്കൂൾ മാനേജർ ശ്രീമതി ബിയാത്തുമ്മ യാണെങ്കിലും അവരുടെ മകനും പഞ്ചായത്തു പ്രസിഡന്റുമായ ശ്രീ. സെയ്ദലവി എന്ന കുഞ്ഞാപ്പു ആണ് സ്കൂളിന്റെ ദൈനംദിന വിഷയങ്ങളിലുൾപ്പെടെ ഇടപെടുന്നത്. പി.ടി.എ. യോഗത്തിലും സ്റ്റാഫ് യോഗത്തിലും വരെ ഇദ്ദേഹം പങ്കെടുക്കാറുണ്ട്. പി.ടി.എ. പ്രസിഡന്റിനെവരെ എത്രയോ വർഷം ഇദ്ദേഹമാണ് നിയമിച്ചിരുന്നത്. ഒരാൾതന്നെയാണ് പി.ടി.എ. പ്രസിഡന്റായി തുടർന്നു പോന്നിരുന്നത്. മരണത്തെത്തുടർന്നാണ് പുതിയ പി.ടി.എ. പ്രസിഡന്റ് അവിടെ വന്നത്. ഡിസ്മിസ് ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ അതിൽ മനംനൊന്താണ് അനീഷ് മലമ്പുഴയിലെ ഫാന്റസി പാർക്കിന് സമീപമുള്ള ലോഡ്ജിൽ വച്ച്

LIBRARY ARCHIVES Kerala Legislative Assembly